കായൽ ടൂറിസം

65 [6031] ശ്രീ. വി. ബാലറാം:
„ എൻ. ഡി. അപ്പച്ചൻ:
„ എ. സുജനപാൽ:
„ തേറമ്പിൽ രാമകൃഷ്ണൻ:
„ സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായൽ ടൂറിസവുമായി ബന്ധപ്പെടുത്തി ജലകേളികളും ജലോൽസവവും എവിടെയെങ്കിലും ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാം;

(ബി) യാട്ടിംഗ്, വാട്ടർപോളോ, നീന്തൽ, ആംഗ്ലിംഗ്, വാട്ടർ മോട്ടോർ സൈക്ലിംഗ്, വാട്ടർ പെഡലിംഗ് എന്നിവയ്ക്ക് സംസ്ഥാനത്ത് എവിടെയെങ്കിലും സൗകര്യം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാം;

(സി) വിനോദസഞ്ചാരികൾക്ക് തുഴഞ്ഞുല്ലസിക്കുന്നതിന് പറ്റിയ നാടൻ കൊതുമ്പ് വള്ളങ്ങളും, ചെറിയ ചുരുളൻ വള്ളങ്ങളും ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ആലപ്പുഴ പുന്നമടക്കായലിൽ എല്ലാവർഷവും നടത്തിവരുന്ന നെഹ്റു ട്രോഫി വള്ളംകളി, ആറന്മുള ഉതൃട്ടാതി വള്ളംകളി എന്നിവ ഇവയിൽ ഏറ്റവും പ്രധാനപ്പെട്ടവയാണ്.

(ബി) മൂന്നാർ, അഷ്ടമുടി, വേളി, ആലപ്പുഴ, കാപ്പിൽ, മലമ്പുഴ, ബേക്കൽ, പുക്കോട് മുതലായ സ്ഥലങ്ങളിൽ ഈ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) സ്വകാര്യ മേഖലയിൽ ഇപ്പോൾത്തന്നെ ലഭ്യമാണ്.

കായലുകളിൽ ലോട്ടസ് പാർക്ക് ഉണ്ടാക്കുന്നതിന് നടപടി

66 [6032] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:
„ എം. മുരളി:
„ ടി. യു. രാധാകൃഷ്ണൻ:
„ ഡൊമിനിക് പ്രസന്റേഷൻ:
„ എൻ. ശക്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള ഏതെല്ലാം കായലുകൾ ലോട്ടസ് പാർക്ക് ഉണ്ടാക്കുന്നതിന് അനുയോജ്യമാണ്;

LIBRARY ARCHIVES Kerala Legislative Assembly